# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5252 24.10.2011 -ൽ മറുപടിക്ക്

## 'ഡ്രൈവിംഗ് സ്കൂളുകൾ' മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) 'ഡ്രൈവിംഗ് സ്കൂളുകൾ' തുടങ്ങാനാവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 1989 ലെ മോട്ടോർ വാഹന ചട്ടം 243(3) പ്രകാരം മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾക്ക് താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം.<br>1. ഡ്രൈവിംഗ് സ്കൂൾ ലൈസൻസിനായി അപേക്ഷിക്കുന്ന വ്യക്തിയും, അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സ്റ്റാഫുകളും നല്ല സ്വഭാവഗുണമുള്ളവരും, ഡ്രൈവിംഗിനുള്ള നിർദ്ദേശങ്ങൾ നൽകുവാൻ യോഗ്യതയുള്ളവരും ആയിരിക്കണം.<br>2. ഡ്രൈവിംഗ് സ്കൂൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലം അപേക്ഷകന്റെ സ്വന്തം പേരിലുള്ളതോ, ലീസിനെടുത്തതോ, അപേക്ഷകൻ സ്വന്തം പേരിൽ വാടകയ്ക്കെടുത്തതോ ആയിരിക്കണം, ഇതു കൂടാതെ മേൽ സ്ഥലത്ത് പഠിപ്പിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.<br>3. സ്ഥാപനത്തിന്റെ തുടർ പരിപാലനത്തിന് ആവശ്യമായ സാമ്പത്തിക ഉറവിടം തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്കൂളിന് അല്ലെങ്കിൽ സ്ഥാപനത്തിനുണ്ടായിരിക്കണം.<br>4. സ്കൂളിൽ അല്ലെങ്കിൽ സ്ഥാപനത്തിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത് ഏതൊക്കെ തരം വാഹനങ്ങളിലാണോ, അവയിൽ ഓരോ തരത്തിലും ഒന്ന് എന്ന കണക്കിന് ഒരു വാഹനമെങ്കിലും അപേക്ഷകന് സ്വന്തമായിട്ടുണ്ടായിരിക്കുകയും ആയത് പരിപാലിക്കുകയും വേണം.<br>5. പഠനാർത്ഥം മാത്രം ഉപയോഗിക്കുന്ന മോട്ടോർ സൈക്കിൾ ഒഴികെയുള്ള വാഹനങ്ങളിൽ ഇൻസ്ട്രക്ടർക്ക് വാഹനം നിയന്ത്രിക്കുന്നതിനും നിർത്തുന്നതിനുമായി ഡ്യുവൽ കൺട്രോൾ സൗകര്യം ഒരുക്കിയിരിക്കണം.<br>6. തന്റെ സ്ഥാപനത്തിൽ അപേക്ഷകൻ താഴെ പറയുന്ന ഉപകരണങ്ങളും സൗകര്യങ്ങളും മറ്റ് അവശ്യ വസ്തുക്കളും ഒരുക്കിയിരിക്കണം.<br><br>(എ) ഒരു ബ്ലാക്ക് ബോർഡ് |

(ബി)ചാർട്ടുകളും, സിഗ്നലുകളുടെ മാതൃകയോടും കൂടിയ റോഡ് പ്ലാൻ ബോർഡ്

(സി) ട്രാഫിക് അടയാളങ്ങളുടെ ചാർട്ട്

(ഡി) ഓട്ടോമാറ്റിക് സിഗ്നലുകളുടെയും ഓട്ടോമാറ്റിക് സിഗ്നലുകളില്ലാത്തിടത്ത് ഗതാഗതം നിയന്ത്രിക്കുന്നതിനായി ഗതാഗത നിയന്ത്രകർ ഉപയോഗിക്കുന്ന സിഗ്നലുകളുടെയും ഒരു ചാർട്ട്

(ഇ) ഒരു മോട്ടോർ വാഹനത്തിന്റെ വിവിധ ഭാഗങ്ങളെക്കുറിച്ച് വിശദമായി കാണുവാൻ കഴിയുന്ന രീതിയിലുള്ള ഒരു സർവ്വീസ് ചാർട്ട്

(എഫ്) മോട്ടോർ സൈക്കിളുകളിൽ ഇൻസ്ട്രക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന ഭാഗങ്ങൾ ഒഴികെയുള്ള എഞ്ചിൻ ഗിയർ ബോക്സ്, ബ്രേക്ക് ഷൂ, ഡ്രംസ് തുടങ്ങിയവ ഉൾപ്പടെയുള്ള ഭാഗങ്ങൾ

(ജി)ടയർ ലിവർ, വീൽ ബേസ്, ജാക്ക് & ടൈപ്പ് പ്രഷർ ഗേജ് എന്നിവയോടു കൂടിയ പഞ്ചർ കിറ്റ്

(എച്ച്) സ്പാനറുകൾ (ഫിക്സ് സ്പാനേഴ്സ്, ബോക്സ് സ്പാനേഴ്സ്, പ്ലയേഴ്സ്, സ്ക്രൂഡ്രൈവേഴ്സ്, സ്ക്രൂ സ്പാനേഴ്സ്, ഹാമർ എന്നിവയുടെ ഒരു സെറ്റ്)

(ഐ) ഡ്രൈവിംഗ് ഇൻസ്ട്രക്ടർ മാനുവൽ

(ജെ) പരിശീലനം തേടുന്നവർക്കായി ബഞ്ചുകളും റ്റേബിളുകളും വർക്ക് ബെഞ്ചും

(കെ) ആട്ടോമോബൈൽ മെക്കാനിസം, ഡ്രൈവിംഗ്, റോഡ് സുരക്ഷ, ഗതാഗത നിയന്ത്രണങ്ങൾ, മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ഒരു ശേഖരം

(എൽ) ഡ്രൈവിംഗ് സ്കൂൾ പരിസരത്ത് എന്തെങ്കിലും അടിയന്തിര ഘട്ടം വരികയാണെങ്കിൽ ഉപയോഗിക്കുവാൻ കഴിയുന്ന എല്ലാ ഉപകരണങ്ങളോടും കൂടിയ ഫസ്റ്റ് എയ്ഡ് ബോക്സ്.

(7) ഡ്രൈവിംഗ് സ്കൂൾ ലൈസൻസിനായി അപേക്ഷിച്ച വ്യക്തി അല്ലെങ്കിൽ പരിശീലനം നൽകുന്നതിനായി നിയോഗിക്കപ്പെട്ട സ്റ്റാഫിന് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

(എ) പത്താം ക്ലാസ്സ് പാസ്സായിരിക്കണം.

(ബി) അഞ്ചു വർഷത്തിൽ കുറയാത്ത ഡ്രൈവിംഗിലുള്ള അനുഭവ പരിജ്ഞാനം, കൂടാതെ കേന്ദ്ര സർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ സ്ഥാപിതമായതോ, സംസ്ഥാന സർക്കാരിന് കീഴിലുള്ള ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന്റെ അംഗീകാരമുള്ളതോ ആയ ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് നേടിയിട്ടുള്ള മോട്ടോർ മെക്കാനിക്സിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ഉന്നതമായ യോഗ്യത

(സി) മോട്ടോർ വാഹന നിയമത്തിന്റെ ഷെഡ്യൂളുകളിൽ പറഞ്ഞിട്ടുള്ള ട്രാഫിക്

| | | |
|---|---|---|
| | | സൈനുകളെയും 118-ാം വകുപ്പിന് കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള നിയമങ്ങളെയും സംബന്ധിച്ച് വ്യക്തമായ അവബോധം ഉണ്ടായിരിക്കണം<br>(ഡി) വാഹനത്തിന്റെ വ്യത്യസ്ത ഭാഗങ്ങളുടെ ധർമ്മങ്ങളെക്കുറിച്ച് കാണിച്ചു കൊടുക്കുന്നതിനും വിശദീകരിച്ചു നൽകുന്നതിനുമുള്ള കഴിവ്<br>(ഇ) ഇംഗ്ലീഷിലോ സ്ഥാപനം സ്ഥിതി ചെയ്യുന്ന മേഖലയിലെ പ്രാദേശിക ഭാഷയിലോ ഉള്ള പരിജ്ഞാനം |
| (ബി) നിലവിൽ ഡ്രൈവിംഗ് സ്കൂളുകൾ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | എല്ലാ ഡ്രൈവിംഗ് സ്കൂളുകളും നിയമങ്ങൾ കൃത്യമായി പാലിക്കുന്നില്ല. നിയമങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) നാദാപുരം മണ്ഡലത്തിൽ എത്ര അംഗീകൃത ഡ്രൈവിംഗ് സ്കൂളുകൾ നിലവിലുണ്ടെന്ന് പേരു സഹിതം വ്യക്തമാക്കാമോ? | (സി) | നാദാപുരം മണ്ഡലത്തിൽ ഏഴ് ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നു.<br>1. ഭാവന ഡ്രൈവിംഗ് സ്കൂൾ, കല്ലാച്ചി, നാദാപുരം<br>2. ആതിര ഡ്രൈവിംഗ് സ്കൂൾ, കല്ലാച്ചി, നാദാപുരം<br>3.വില്യാപ്പള്ളി ഡ്രൈവിംഗ് സ്കൂൾ, നാദാപുരം<br>4. ഭാവന ഡ്രൈവിംഗ് സ്കൂൾ, പാറക്കടവ്, നാദാപുരം<br>5. പ്രോമിസ് ഡ്രൈവിംഗ് സ്കൂൾ, വളയം,നാദാപുരം<br>6. സ്മാർട്ട് ഡ്രൈവിംഗ് സ്കൂൾ, കല്ലാച്ചി, നാദാപുരം<br>7. എടച്ചേരി ഡ്രൈവിംഗ് സ്കൂൾ, എടച്ചേരി, നാദാപുരം |

സെക്ഷൻ ഓഫീസർ